✍ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1102

# സൂറ – 37 / അസ്സ്വാഫ്ഫാത്ത്

**സൂക്തം: 50 – 68**

സ്വർഗീയ സഖാക്കൾ അഭിമുഖമായി ചാരുമഞ്ചങ്ങളിലിരുന്ന് സ്നേഹസല്ലാപത്തിലേർപ്പെടുന്നു. ഭൗതിക ലോകത്തു പിന്നിട്ട ജീവിതസന്ധികൾ, അതിൽ സത്യത്തിനും ധർമത്തിനും വേണ്ടി ചെയ്ത സേവനങ്ങൾ, അനുഷ്ഠിച്ച ത്യാഗങ്ങൾ ഒക്കെ പങ്കുവെക്കുന്നു. സത്യവിശ്വാസത്തിൽനിന്ന് വ്യതിചലിക്കാൻ മറ്റുള്ളവരിൽനിന്നുണ്ടായ പ്രലോഭനങ്ങളും പ്രകോപനങ്ങളും സമ്മർദങ്ങളും അനുസ്മരിക്കുന്നു.

| | |
|---|---|
| 50. അവർ അഭിമുഖമായി ഇരുന്നു പരസ്പരം സല്ലപിക്കുന്നു. | فَأَقْبَلَ بَعْضُهُمْ عَلَىٰ بَعْضٍ يَتَسَاءَلُونَ ﴿٥٠﴾ |
| 51. ഒരു വക്താവ് പറയുന്നു: എനിക്കൊരു ഉറ്റ കൂട്ടുകാരനുണ്ടായിരുന്നു. | قَالَ قَائِلٌ مِّنْهُمْ إِنِّي كَانَ لِي قَرِينٌ ﴿٥١﴾ |
| 52. അയാൾ ചോദിക്കുമായിരുന്നു; നീയും പരലോകം സത്യമാണെന്നു വിശ്വസിക്കുന്നവരിൽ പെട്ടവൻ തന്നെയോ? | يَقُولُ أَإِنَّكَ لَمِنَ الْمُصَدِّقِينَ ﴿٥٢﴾ |
| 53. നമ്മൾ മരിച്ച് മണ്ണും അസ്ഥികളുമായി കഴിഞ്ഞാൽ പിന്നെയും നാം വിചാരണ ചെയ്യപ്പെടുകയും വിധിക്കപ്പെടുകയും ചെയ്യുമെന്നോ?! | أَإِذَا مِتْنَا وَكُنَّا تُرَابًا وَعِظَامًا أَإِنَّا لَمَدِينُونَ ﴿٥٣﴾ |
| 54. അദ്ദേഹം ചോദിക്കുന്നു: നിങ്ങൾക്ക് അയാളെ കാണണമെന്നുണ്ടോ? | قَالَ هَلْ أَنتُم مُّطَّلِعُونَ ﴿٥٤﴾ |
| 55. എന്നിട്ടദ്ദേഹം നോക്കിയപ്പോൾ നരകമധ്യേ ആ കൂട്ടുകാരനെ കണ്ടു. | فَاطَّلَعَ فَرَآهُ فِي سَوَاءِ الْجَحِيمِ ﴿٥٥﴾ |
| 56. അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ, നീ എന്നെയും നശിപ്പിക്കാൻ തുനിഞ്ഞതായിരുന്നു. | قَالَ تَاللَّهِ إِن كِدتَّ لَتُرْدِينِ ﴿٥٦﴾ |
| 57. എന്റെ നാഥന്റെ അനുഗ്രഹമില്ലായിരുന്നുവെങ്കിൽ ഞാനും നരകത്തിൽ ഹാജരാക്കപ്പെട്ടവരിലുൾപ്പെടുമായിരുന്നു. | وَلَوْلَا نِعْمَةُ رَبِّي لَكُنتُ مِنَ الْمُحْضَرِينَ ﴿٥٧﴾ |
| 58. ഇനി നമുക്കു മരണമില്ലല്ലോ; | أَفَمَا نَحْنُ بِمَيِّتِينَ ﴿٥٨﴾ |
| 59. നമ്മുടെ ആദ്യ മരണമല്ലാതെ ഇനി നാം ശിക്ഷിക്കപ്പെടുന്നവരുമാവില്ലല്ലോ. | إِلَّا مَوْتَتَنَا الْأُولَىٰ وَمَا نَحْنُ بِمُعَذَّبِينَ ﴿٥٩﴾ |
| 60. ഇതു തീർച്ചയായും മഹാവിജയം തന്നെയാകുന്നു. | إِنَّ هَٰذَا لَهُوَ الْفَوْزُ الْعَظِيمُ ﴿٦٠﴾ |
| 61. പ്രയത്നിക്കുന്നവർ ഇതുപോലുള്ളതിനുവേണ്ടി പ്രയത്നിച്ചുകൊള്ളട്ടെ. | لِمِثْلِ هَٰذَا فَلْيَعْمَلِ الْعَامِلُونَ ﴿٦١﴾ |

**50-61**

فَأَقْبَلَ بَعْضُهُمْ عَلَىٰ بَعْضٍ= അവർ ചിലർ ചിലരെ നേരിട്ടു (പരസ്പരം അഭിമുഖമായി ഇരുന്നു)

يَتَسَاءَلُونَ = അവർ ചോദിക്കുന്നു (സല്ലപിക്കുന്നു)

قَالَ قَائِلٌ مِّنْهُمْ = അവരിൽനിന്ന് ഒരു വക്താവ് പറഞ്ഞു (റയുന്നു) إِنِّي = ഞാൻ (എന്റെ കാര്യം)

كَانَ لِي قَرِينٌ= എനിക്കൊരു ഉറ്റ കൂട്ടുകാരനുണ്ടായിരുന്നു

يَقُولُ = അയാൾ പറയുന്നു (ചോദിക്കുമായിരുന്നു) أَإِنَّكَ= നീ(യും) ആണോ

لَمِنَ الْمُصَدِّقِينَ = സത്യമാക്കുന്ന(പരലോകം സത്യമെന്നു വിശ്വസിക്കുന്ന)വരിൽ പെട്ടവൻ തന്നെയോ

أَإِذَا مِتْنَا= നമ്മൾ മരി(ച്ച്)ച്ചാൽ وَكُنَّا تُرَابًا وَعِظَامًا = നമ്മൾ മണ്ണും അസ്തികളുമായാ(യിക്കഴിഞ്ഞാ)ൽ

أَإِنَّا لَمَدِينُونَ= നമ്മൾ വിധിക്കപ്പെടുന്നവരാണോ (വിചാരണ ചെയ്യപ്പെടുകയും വിധിക്കപ്പെടുകയും ചെയ്യുമെന്നോ)

قَالَ = അദ്ദേഹം പറഞ്ഞു (ചോദിച്ചു)

هَلْ أَنتُم مُّطَّلِعُونَ= നിങ്ങൾ നോക്കുന്നവരാണോ (നിങ്ങൾക്കു അയാളെ കാണണമെന്നുണ്ടോ)

فَاطَّلَعَ فَرَآهُ= എന്നിട്ടദ്ദേഹം നോക്കിയപ്പോൾ അയാളെ (കൂട്ടുകാരനെ) കണ്ടു فِي سَوَاءِ الْجَحِيمِ = നരകമധ്യത്തിൽ

قَالَ = അദ്ദേഹം പറഞ്ഞു تَاللَّهِ = അല്ലാഹുവാണ إِن كِدتَّ = തീർച്ചയായും നീ അടുത്തു (തുനിഞ്ഞതായിരുന്നു)

لَتُرْدِينِ = നീ എന്നെ നശിപ്പിക്കാൻ തന്നെ وَلَوْلَا نِعْمَةُ رَبِّي = എന്റെ നാഥന്റെ അനുഗ്രഹമില്ലായിരുന്നുവെങ്കിൽ

لَكُنتُ مِنَ الْمُحْضَرِينَ = ഞാൻ (നും) നരകത്തിൽ ഹാജരാക്കപ്പെട്ടവരിൽ ആകു(ഉൾപ്പെടു)മായിരുന്നു

أَفَمَا نَحْنُ بِمَيِّتِينَ = (ഇനി) നാം മരിക്കുന്നവരല്ലല്ലോ (നമുക്ക് മരണമില്ലല്ലോ) إِلَّا مَوْتَتَنَا الْأُولَىٰ = നമ്മുടെ ആദ്യത്തെ മരണമല്ലാതെ

وَمَا نَحْنُ بِمُعَذَّبِينَ = (ഇനി) നാം ശിക്ഷിക്കപ്പെടുന്നവരും അ(ആവി)ല്ലല്ലോ إِنَّ هَٰذَا = തീർച്ചയായും ഇത്

لَهُوَ الْفَوْزُ الْعَظِيمُ = ഇതു മഹാവിജയം തന്നെയാകുന്നു لِمِثْلِ هَٰذَا = ഇതുപോലുള്ളതിനുവേണ്ടി

فَلْيَعْمَلِ = പ്രയത്നിച്ചുകൊള്ളട്ടെ الْعَامِلُونَ = പ്രയത്നിക്കുന്നവർ

നേരത്തേ നരകവാസികൾ തമ്മിലുണ്ടാകുന്ന തർക്കം ഉദ്ധരിച്ചുവല്ലോ. അതുപോലെ സ്വർഗം പ്രാപിക്കുന്ന സജ്ജനങ്ങൾ തമ്മിൽ നടക്കുന്ന സല്ലാപം ഉദ്ധരിക്കുകയാണീ സൂക്തങ്ങൾ. ഖുർആൻ സ്വർഗസ്ഥരുടെ ഇരുപ്പിനെക്കുറിച്ചു പറയുമ്പോഴെല്ലാം, അത് പരസ്പരം അഭിമുഖീകരിച്ചുകൊണ്ടായിരിക്കും - أَقْبَلَ , مُتَقَابِلِينَ- എന്നു പറയുന്നുണ്ട്. പ്രസംഗ സഭകളിലിരിക്കുന്നവരെപ്പോലെ മുമ്പിലുള്ളവരുടെ പിൻവശം നോക്കിക്കൊണ്ടായിരിക്കുകയില്ല അവരുടെ ഇരിപ്പ്. സ്വർഗീയ സഖാക്കൾ അഭിമുഖമായി ചാരുമഞ്ചങ്ങളിലിരുന്ന് സ്നേഹ സല്ലാപത്തിലേർപ്പെടുന്നു. ഇവിടെ يَتَسَاءَلُونَ കൊണ്ടുദ്ദേശ്യം സ്നേഹസല്ലാപവും കുശലപ്രശ്നവുമാകുന്നു. ഭൗതിക ലോകത്തു പിന്നിട്ട ജീവിതസന്ധികൾ, അതിൽ സത്യത്തിനും ധർമത്തിനും വേണ്ടി ചെയ്ത സേവനങ്ങൾ, അനുഷ്ഠിച്ച ത്യാഗങ്ങൾ ഒക്കെ പങ്കുവെക്കുന്നു. സത്യവിശ്വാസത്തിൽനിന്ന് വ്യതിചലിക്കാൻ മറ്റുള്ളവരിൽനിന്നുണ്ടായ പ്രലോഭനങ്ങളും പ്രകോപനങ്ങളും സമ്മർദങ്ങളും അനുസ്മരിക്കുന്നു. അക്കൂട്ടത്തിൽ ഒരു സ്വർഗസ്ഥൻ, തന്നെ സത്യവിശ്വാസത്തിൽ നിന്ന് സത്യനിഷേധത്തിലേക്ക് തള്ളിവിടാൻ ശ്രമിച്ച ഒരു സുഹൃത്തിനെ ഓർക്കുകയാണ്: ഇഹലോക ജീവിതത്തിൽ എനിക്കൊരു ഉറ്റ ചങ്ങാതിയുണ്ടായിരുന്നു. നിരന്തര സമ്പർക്കമുള്ള കൂട്ടുകാരനാണ് ഭാഷയിൽ قَرِينٌ. അയാൾ എന്നെ ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുമായിരുന്നു; എടോ, നീയും ഈ മതപ്രബോധകർ പറയുന്ന പരലോകത്തിലും ഉയിർത്തെഴുന്നേൽപിലും വിശ്വസിക്കുകയാണോ? എന്തൊരു വിഡ്ഢിത്തം, നമ്മൾ മരിച്ച് മണ്ണും അസ്ഥിഖണ്ഡങ്ങളുമായിക്കഴിഞ്ഞ ശേഷം പിന്നെയും ജീവനോടെ ഉയിർത്തെഴുന്നേൽക്കുമത്രെ! എന്നിട്ട് ജീവിതം വിചാരണ ചെയ്യപ്പെടുകയും രക്ഷാശിക്ഷകൾ വിധിക്കപ്പെടുകയും ചെയ്യുമെന്ന്! കഷ്ടം തന്നെ! ആ സങ്കൽപ ജീവിതം നന്നാക്കാൻ വേണ്ടി ഭൗതിക സുഖാസക്തികൾ അമർച്ച ചെയ്ത് ധർമമെന്ന പേരിൽ അനാചാരങ്ങളനുഷ്ഠിച്ച് ദൈവത്തെ പേടിച്ച് ഈ ജീവിതം പാഴാക്കുകയാണല്ലോ നീ.... ആ ചങ്ങാതിയെ ഇപ്പോൾ നിങ്ങൾക്കു കാണണമെന്നുണ്ടോ? مُّطَّلِعُونَ എന്നാണ് മൂലപദം. طلوع (ഉദയം, ദൃശ്യത)-ൽനിന്നുള്ള اطلاع (ദൃശ്യമാകൽ, നോട്ടം)-ന്റെ കർതൃ വചനമാണിത്. ഉദയസ്ഥാനം مطلع ആണ്. طَلَعَ الْبَدْرُ എന്നാൽ പൗർണമിയുദിച്ചു (സൂര്യനും ചന്ദ്രനും നമ്മുടെ കാഴ്ചപ്പുറത്ത് ഉദിച്ചാലേ നമുക്കു കാണാൻ കഴിയൂ). പഠന പാരായണത്തിന് مُطَالَعَة എന്നു പറയും. നരകം ഒരു മഹാലോകമാണ്. അതിലുള്ള കോടാനുകോടികൾക്കിടയിൽ ഒരാളെ കാണണമെങ്കിൽ അയാളെ അതിനു വേണ്ടി പ്രത്യേകം പ്രത്യക്ഷപ്പെടുത്തേണ്ടതുണ്ട്. അതിനാൽ ഈ സന്ദർഭത്തിൽ ഏറ്റം ഉചിതമായ പ്രയോഗമാണിത്. സഖാവിനോട് കാണണമെന്നുണ്ടോ എന്നു ചോദിച്ചുകൊണ്ട് നരകത്തിലേക്കു നോക്കിയപ്പോൾ അദ്ദേഹം ആ പഴയ കൂട്ടുകാരനെ നരകമധ്യത്തിൽ കണ്ടെത്തി. നരകമധ്യം എത്രയോ അകലെയാണെങ്കിലും സ്വർഗവാസികൾക്ക് അവരാഗ്രഹിക്കുന്നതെന്തും എവിടെയാണെങ്കിലും കാണാനും കേൾക്കാനും കേൾക്കാനും കഴിയും. അദ്ദേഹം അയാളോടു പറയുന്നു: ഓ, ചങ്ങാതീ, നീ എന്നെയും നശിപ്പിക്കാൻ തുനിഞ്ഞതായിരുന്നു. എന്റെ റബ്ബിന്റെ മഹത്തായ അനുഗ്രഹം

إِنَّكَ مَيِّتٌ وَإِنَّهُم مَّيِّتُونَ (തീർച്ചയായും നീ മരിക്കുന്നവനാണ്. അവരും മരിക്കുന്നവരാകുന്നു -39:30). ഗംഭീര വിജയം തന്നെയാണിത്. ഭൗതിക ലോകത്ത് പ്രയത്നിക്കുന്നവർ ഇതുപോലുള്ള മഹാ സൗഭാഗ്യത്തിനു വേണ്ടി പ്രയത്നിച്ചുകൊള്ളട്ടെ. ഈ അവസാന വാക്യം, സ്വർഗസ്ഥരുടെ സംഭാഷണത്തിന് അനുബന്ധമായി അല്ലാഹു അരുളുന്നതാണെന്ന് പ്രമുഖ ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. മർത്യകുലത്തിന്റെ കർമകാലം പൂർത്തിയാവുകയും കർമം വിചാരണ ചെയ്യപ്പെടുകയും വിധിക്കപ്പെടുകയും ചെയ്ത ശേഷമാണല്ലോ സ്വർഗസ്ഥർ തമ്മിൽ ഈ സംഭാഷണം നടക്കുന്നത്. അപ്പോൾ ഇങ്ങനെയൊരു ആഹ്വാനത്തിന് പ്രസക്തിയില്ല എന്നാണ് ന്യായം. ●

കൊണ്ടാണ് ഞാൻ നിന്റെ വലയിൽ വീഴാതെ രക്ഷപ്പെട്ടത്. ഇല്ലെങ്കിൽ ഇന്ന് ഞാനും നിന്റെ കൂടെ ഈ കൊടൂരമായ നരകശിക്ഷയിലകപ്പെടുമായിരുന്നു. അനന്തരം അദ്ദേഹം തന്റെ സ്വർഗീയ സഖാവുമായി സന്തോഷം പങ്കുവെക്കുന്നു: സുഖസൗഭാഗ്യങ്ങൾ നിറഞ്ഞ ഈ സ്വർഗം പ്രാപിച്ച നമുക്കിനി മരണമില്ലല്ലോ. ഇഹലോകത്ത് സംഭവിച്ച മരണത്തോടു കൂടി നമ്മുടെ മരണം അവസാനിച്ചിരിക്കുന്നു. ഇനി നാം അമരരായി എന്നെന്നും ജീവിക്കും. മരണവും ഉയിർത്തെഴുന്നേൽപും വിചാരണയുമില്ലാത്ത നമുക്കിനി അല്ലാഹുവിന്റെ ശിക്ഷ ഭയപ്പെടേണ്ടതുമില്ലല്ലോ!! مَيِّت -ന്റെ ബഹുവചനമാണ് مَيِّتون . മരിച്ചത് (മൃതദേഹം) എന്നും മരിക്കുന്നത് എന്നും مَيِّت -ന് അർഥമുണ്ട്. ഉദാ: അല്ലാഹു പ്രവാചകനോട് പറഞ്ഞു:

---

أَذَٰلِكَ خَيْرٌ نُّزُلًا أَمْ شَجَرَةُ الزَّقُّومِ ﴿٦٢﴾

إِنَّا جَعَلْنَاهَا فِتْنَةً لِّلظَّالِمِينَ ﴿٦٣﴾

إِنَّهَا شَجَرَةٌ تَخْرُجُ فِي أَصْلِ الْجَحِيمِ ﴿٦٤﴾

طَلْعُهَا كَأَنَّهُ رُءُوسُ الشَّيَاطِينِ ﴿٦٥﴾

فَإِنَّهُمْ لَآكِلُونَ مِنْهَا فَمَالِئُونَ مِنْهَا الْبُطُونَ ﴿٦٦﴾

ثُمَّ إِنَّ لَهُمْ عَلَيْهَا لَشَوْبًا مِّنْ حَمِيمٍ ﴿٦٧﴾

ثُمَّ إِنَّ مَرْجِعَهُمْ لَإِلَى الْجَحِيمِ ﴿٦٨﴾

62. ഇതാണോ വിശിഷ്ടമായ അതിഥിസൽക്കാരം? അതല്ല സഖൂം വൃക്ഷമോ?

63. അതിനെ നാം ദൈവധിക്കാരികൾക്കൊരു ഫിത്നയാക്കിയിരിക്കുന്നു.

64. നരകത്തിന്റെ അടിത്തട്ടിൽനിന്നുത്ഭവിക്കുന്ന വൃക്ഷമത്രെ അത്.

65. അതിന്റെ കുലകൾ ചെകുത്താന്മാരുടെ തലകളെന്നോണമാകുന്നു.

66. തീർച്ചയായും ഈ നരകവാസികൾ അതു തിന്നുന്നതാകുന്നു. എന്നിട്ടതുകൊണ്ടു തന്നെ വയറു നിറക്കുന്നതുമാകുന്നു.

67. പിന്നെ അതിനു മീതെ തിളച്ച ചീഞ്ചല മിശ്രിതം കുടിക്കാനുമുണ്ടവർക്ക്.

68. പിന്നെയും അവരുടെ മടക്കം നരകത്തിലേക്കു തന്നെ.

**62-68**

أَذَٰلِكَ خَيْرٌ = അ(ഇ)താണോ വിശിഷ്ടമായത് نُّزُلًا = ആതിഥ്യത്താൽ, അതിഥിസൽക്കാരത്താൽ

أَمْ شَجَرَةُ الزَّقُّومِ = അതല്ല സഖൂം വൃക്ഷമോ إِنَّا جَعَلْنَاهَا = അതിനെ നാം ആക്കിയിരിക്കുന്നു

فِتْنَةً = ഒരു പീഡനം, പരീക്ഷണം لِّلظَّالِمِينَ = അക്രമി(ദൈവധിക്കാരി)കൾക്ക് إِنَّهَا = അത്

شَجَرَةٌ تَخْرُجُ فِي أَصْلِ الْجَحِيمِ = നരകത്തിന്റെ മൂലത്തി(അടിത്തട്ടി)ൽനിന്ന് പുറപ്പെടുന്ന (ഉത്ഭവിക്കുന്ന) ഒരു വൃക്ഷമാണത്

طَلْعُهَا = അതിന്റെ കുലകൾ كَأَنَّهُ رُءُوسُ الشَّيَاطِينِ = ചെകുത്താന്മാരുടെ തലകളെന്നോണമാകുന്നു

فَإِنَّهُمْ لَآكِلُونَ مِنْهَا = തീർച്ചയായും അവർ (ഈ നരകവാസികൾ) അതു തിന്നുന്നതാകുന്നു

فَمَالِئُونَ مِنْهَا الْبُطُونَ = എന്നിട്ട് അതി(തുകൊണ്ട്)ൽനിന്നുതന്നെ വയറുകൾ നിറക്കുന്നതുമാകുന്നു

ثُمَّ إِنَّ لَهُمْ عَلَيْهَا = പിന്നെ അതിനുമീതെ (കുടിക്കാനും) ഉണ്ടവർക്ക് لَشَوْبًا = ഒരു മിശ്രിതം مِّنْ حَمِيمٍ = തിളച്ച വെള്ളം

ثُمَّ إِنَّ مَرْجِعَهُمْ = പിന്നെ(യും) അവരുടെ മടക്കം لَإِلَى الْجَحِيمِ = നരകത്തിലേക്കു തന്നെ

തുടർന്ന് അല്ലാഹു മനുഷ്യരോട് ചോദിക്കുകയാണ്: മരണാനന്തരം പരലോകത്തെത്തുന്ന സജ്ജനങ്ങൾക്ക് ലഭിക്കുന്ന മുൻചൊന്ന ആതിഥ്യമാണോ വിശിഷ്ടം, അതോ ഭൗതിക ജീവിതത്തിലെ ക്ഷണിക സുഖത്തിനുവേണ്ടി

സത്യധർമങ്ങൾ നിഷേധിച്ച് അന്ധവിശ്വാസങ്ങളും അക്രമങ്ങളും അനീതികളും ആചരിച്ചവർക്കു ലഭിക്കുന്ന സഖൂം വൃക്ഷത്തിന്റെ സൽക്കാരമോ? ആതിഥ്യവും അതിഥിക്കു നൽകുന്ന സൽക്കാരവുമാണ് نزل. സഞ്ചാരികൾ തങ്ങുന്ന സ്ഥലം ആണ് മൗലികമായ അർഥത്തിൽ نزل. അതിഥിയായി സ്വീകരിക്കുന്നതിനും അവർക്കു നൽകുന്ന സൽക്കാരത്തിനുമാണ് ഈ പദം സാധാരണ ഉപയോഗിച്ചു വരുന്നത്. أَمْ شَجَرَةُ الزَّقُّومِ എന്ന തുടർ വാക്യം സൂചിപ്പിക്കുന്നത് ഇവിടെ ഉദ്ദേശ്യം സൽക്കാരമാണെന്നാണ്. 44:43,44-ൽ إِنَّ شَجَرَتَ الزَّقُّومِ ﴿٤٣﴾ طَعَامُ الْأَثِيمِ ﴿٤٤﴾ (സഖൂം വൃക്ഷം കുറ്റവാളികൾക്ക് ആഹാരമാകുന്നു) എന്നും 56:52-ൽ നരകം വിധിക്കപ്പെട്ടവർ لَآكِلُونَ مِن شَجَرٍ مِّن زَقُّومٍ (സഖൂം വൃക്ഷത്തിൽനിന്ന് തിന്നേണ്ടിവരും) എന്നും പ്രസ്താവിക്കുന്നുണ്ട്. അറേബ്യയിലെ തിഹാമ ദേശത്തും മരുഭൂമിയോട് ചേർന്നു കിടക്കുന്ന വരണ്ട പ്രദേശങ്ങളിലും വളരുന്ന ഒരു കെട്ട വൃക്ഷമാണ് زقوم. ഇലകൾ ചെറുതും വിഷമയവുമായിരിക്കും. ദുർഗന്ധവും ഉണ്ടാകും. മുറിച്ചാൽ കറയൊലിക്കും, അത് ശരീരത്തിൽ തൊട്ടാൽ ആ ഭാഗം പഴുക്കും. അധികപക്ഷവും അത് മരണത്തിലേക്ക് നയിക്കുകയും ചെയ്യും. ഇങ്ങനെയാണ് ഇമാം അബൂഹനീഫയും ഖുർത്വുബിയും ഈ വൃക്ഷത്തെ പരിചയപ്പെടുത്തുന്നത്. ഏകദേശം നമ്മുടെ നാട്ടിലെ ചേരു പോലുള്ള ഒരു മരമാണിതെന്നു മനസ്സിലാക്കാം. زقوم-ന്റെ ഉത്ഭവം മഹാമാരി എന്നർഥമുള്ള زَقْمَة-ൽ നിന്നാണെന്നും അതല്ല, ഇഷ്ടമില്ലാത്തത് ക്ലേശിച്ചു വിഴുങ്ങുക എന്നർഥമുള്ള تَزَقَّمَ-ൽനിന്നാണെന്നും അഭിപ്രായങ്ങളുണ്ട്. ഹീനതയുടെയും ആപത്തിന്റെയും ധ്വനി ഈ വൃക്ഷനാമത്തിൽ തന്നെയുണ്ട് എന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു.

ഈ കെട്ട മരം ധർമധ്വംസകർക്ക് ഫിത്ന ആക്കിയിരിക്കുന്നു എന്നു പറഞ്ഞതിന് രണ്ട് താൽപര്യമാവാം. ഫിത്നയെ പീഡനം എന്ന അർഥത്തിൽ എടുത്തുകൊണ്ടുള്ളതാണ് ഒന്ന്. ഇത്തരമൊരു വൃക്ഷത്തിന്റെ ഇലയോ കായോ തിന്നേണ്ടിവരിക മഹാപീഡനമായിരിക്കും. ഫിത്നയെ കുഴപ്പം, പരീക്ഷണം എന്ന അർഥത്തിൽ എടുത്തുകൊണ്ടുള്ളതാണ് രണ്ടാമത്തെ വ്യാഖ്യാനം. അടുത്ത വാക്യത്തിൽ സഖൂം വൃക്ഷം നരകത്തിന്റെ അടിത്തട്ടിൽനിന്ന് മുളച്ചുവരുന്നു എന്നു പറഞ്ഞപ്പോൾ അവിശ്വാസികൾ അത് പരിഹാസപാത്രമാക്കിയതിനെ സൂചിപ്പിക്കുകയാണിവിടെ. ഈ വ്യാഖ്യാനപ്രകാരം جَعَلْنَاهَا - നാം അതിനെ ആക്കി എന്നതിന്റെ താൽപര്യം جَعَلْنَا ذِكْرَهَا-അതിന്റെ പരാമർശം ആക്കി- എന്നാകും. ഖുർആൻ സഖൂം വൃക്ഷത്തെപ്പറ്റി പറഞ്ഞത് പരലോകനിഷേധികളുടെ ധിക്കാരവും പരിഹാസവും കൂടുതൽ ചൂടുപിടിക്കാൻ നിമിത്തമായിരിക്കുന്നു എന്നു സാരം. 'ആളിക്കത്തുന്ന നരകത്തിന്റെ അടിത്തട്ടിൽനിന്ന് വൃക്ഷം മുളച്ചുവളരുമത്രെ! സാമാന്യ യുക്തി പോലുമില്ലാതെയാണ് ഈ വിദ്വാൻ ഓരോന്ന് ജൽപിക്കുന്നത്. ഇതുപോലുള്ള ജൽപനങ്ങൾ തന്നെയാണ് കൂട്ടരേ, ഇയാൾ പറയുന്ന ഉയിർത്തെഴുന്നേൽപും രക്ഷാശിക്ഷകളുമൊക്കെ.'

സഖൂം വൃക്ഷത്തിന്റെ കുലകൾ കണ്ടാൽ മനുഷ്യർ പേടിച്ചുപോകും. അത് ചെകുത്താന്റെ തലകൾ പോലെ ഭീകരമായിരിക്കും. طلع പൂക്കുലയുമാകാം, പഴക്കുലയുമാകാം. ചെകുത്താൻ അദൃശ്യ സൃഷ്ടിയാണ്. إِنَّهُ يَرَاكُمْ هُوَ وَقَبِيلُهُ مِنْ حَيْثُ لَا تَرَوْنَهُمْ (നിങ്ങൾ ചെകുത്താന്മാരെ കാണാത്ത നിലയിൽ ചെകുത്താനും അവന്റെ വർഗവും നിങ്ങളെ കാണുന്നു -7:27). എങ്കിൽ പിന്നെ ചെകുത്താൻ തലയോടുപമിച്ച സഖൂം കുലയെ പരിചയപ്പെടുത്തുന്നതിൽ ഔചിത്യമുണ്ടോ എന്നു ചോദിക്കാം. മനുഷ്യർ ചെകുത്താനെ കാണുന്നില്ലെങ്കിലും അവന്റെ രൂപത്തെക്കുറിച്ച് ആളുകൾക്ക് ഓരോ സങ്കൽപമുണ്ട്. ജടപിടിച്ച്, സർപ്പങ്ങൾ പോലെ തൂങ്ങിക്കിടക്കുന്ന മുടിയും കൊമ്പുകളും പുറത്തേക്ക് തള്ളിനിൽക്കുന്ന കൂർത്ത തേറ്റകളുമൊക്കെയുള്ള രൂപത്തിലാണ് അധികമാളുകളും ചെകുത്താനെ സങ്കൽപിക്കുന്നത്. അതനുസരിച്ച് ചെകുത്താന്റെ പ്രതിരൂപങ്ങളും നിർമിക്കപ്പെടുന്നു. നമ്മടെ നാട്ടിലും ചെകുത്താന്റെ വർഗത്തിൽപെട്ടതെന്ന് കരുതപ്പെടുന്ന യക്ഷികളും ഭൂതങ്ങളും ഭീകരരൂപികളായി ചിത്രീകരിക്കപ്പെടുന്നുണ്ടല്ലോ. പലതിന്റെയും പ്രതിമകളുമുണ്ട്. ഓരോരുത്തരുടെയും മനസ്സിലുള്ള ഈ സങ്കൽപ രൂപത്തോടാണ് സഖൂം കുലകളെ ഉപമിക്കുന്നത്. ചെകുത്താൻ ആളുകളെ ശാരീരികമായി കൈകാര്യം ചെയ്യാറില്ല. എങ്കിലും ചെകുത്താന്റെ വർഗത്തിൽപെട്ട യക്ഷിഭൂതാദികൾ പലവിധത്തിൽ കായികമായി ഉപദ്രവിക്കുമെന്ന വിശ്വാസം വ്യാപകമാണ്. അക്കൂട്ടത്തിലൊന്നാണ് ചെകുത്താൻ മനുഷ്യരെ തട്ടി താഴെ വീഴ്ത്തുമെന്ന അറബികളുടെ വിശ്വാസം. ഈ വിശ്വാസത്തെ ആസ്പദമാക്കി ഖുർആൻ പലിശഭോഗിയെ كَالَّذِي يتخبطه الشَّيْطان من المس-ചെകുത്താൻ തട്ടിവീഴ്ത്തിയവനെപ്പോലെ- എന്ന് ഉപമിക്കുന്നുണ്ട്.

സഖൂം വൃക്ഷം നരകവാസികൾക്ക് ആഹാരമാണ്. ഇക്കാര്യം ഏറക്കുറെ ഇതേ വാക്കുകളിൽ തന്നെ 56:52,53-ലും പറയുന്നുണ്ട്. ഒന്നു തിന്നുനോക്കുകയല്ല, തിന്നു വയറുനിറക്കുകയാണ്. منها -അതിൽനിന്ന്- എന്ന് ഇവിടെയും مِن شَجَرٍ مِّن زَقُّومٍ-സഖൂമിൽനിന്നുള്ള വൃക്ഷത്തിൽനിന്ന്- എന്ന് 56:52-ലും പറയുന്നു. من زقوم -സഖൂമിൽനിന്നുള്ള- എന്നു പറഞ്ഞത്, ഭൗതിക ലോകത്തെ സഖൂം പോലുള്ള എന്നാവാം. അതായത് തികച്ചും ഭൗതികലോകത്ത് കാണപ്പെടുന്ന സഖൂം അല്ല അത്. അതിനേക്കാൾ എത്രയോ ഇരട്ടി കെട്ടതും ദുഷ്ടവുമാണ് നരകീയ സഖൂം. ഭൗതിക സഖൂം തീയിൽ മുളച്ചു വളരുന്നതല്ലല്ലോ. ആ വൃക്ഷത്തിൽനിന്നുള്ള തടിയാണോ ഇലയാണോ കറയാണോ തിന്നുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. തൊട്ടുമുമ്പ് കുലകളെ പരാമർശിച്ചതിനാൽ തിന്നപ്പെടുന്നത് കായകളാണെന്ന് കരുതാം. ഏറെ കയ്പ്പുറ്റതും ഇറക്കാൻ വളരെ ക്ലേശമുള്ളതുമാണത്. അത്തരമൊരു ഫലം വയറു നിറയെ തിന്നേണ്ടിവരുന്ന അവസ്ഥ അവർണനീയമാകുന്നു. അതിനു മീതെ കുടിക്കാൻ കിട്ടുന്ന പാനീയമോ, ചുട്ടുതിളക്കുന്ന ദുർനീരുകളുടെ മിശ്രിതവും. പലതും കൂടിക്കലർന്നതാണ് شوب. ഉറ്റ ചങ്ങാതിക്കും തിളച്ച വെള്ളത്തിനും ചീഞ്ചലത്തിനും حميم എന്നു പറയും. ചീഞ്ചലം കലർന്ന തിളച്ച വെള്ളമാണ് ഇവിടെ ഉദ്ദേശ്യം.

'പിന്നെ അവരുടെ മടക്കം നരകത്തിലേക്കു തന്നെ' എന്നു പറഞ്ഞതിന്റെ താൽപര്യം സഖൂം തീറ്റയും ചീഞ്ചലപാനവും അവരെ നരകത്തിൽനിന്നു പുറത്തുകൊണ്ടുവന്ന് നൽകുന്നതാണെന്നും അതുകഴിഞ്ഞാൽ നരകത്തിലേക്കു തന്നെ തിരിച്ചയക്കുമെന്നുമല്ല. ഈ ശിക്ഷകൾ നടക്കുന്നത് നരകത്തിൽ തന്നെയാണ്. സഖൂം വൃക്ഷം വളരുന്നതും നരകത്തിലാണല്ലോ. സത്യനിഷേധത്തിനും ധർമധ്വംസനത്തിനും നേതൃത്വം നൽകിയവർക്ക് അധികമായി ലഭിക്കുന്ന ശിക്ഷയാണിത്. അതനുഭവിച്ച ശേഷം അവർ പൊതുവായ നരകശിക്ഷ തുടർന്നും അനുഭവിക്കേണ്ടതുണ്ട് എന്നാണ് ഉദ്ദേശ്യം. ●